LIBRARY ARCHIVES Kerala Legislative Assembly

റേഷൻ കാർഡിനുള്ള വിവരശേഖരണം

21 (*561) ഡോ. കെ. ടി. ജലീൽ :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീമതി കെ. എസ്. സലീഖ :

ശ്രീ. കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡുകളുടെ സ്വഭാവം നിശ്ചയിക്കുന്നതിലേക്ക് വിവരശേഖരണം പൂർത്തിയാക്കിയിട്ടുണ്ടോ ; തുടർ പ്രവർത്തനങ്ങൾക്ക് ജീവനക്കാരിൽ അധികമായി സമ്മർദ്ദം ഉണ്ടോ ;

(ബി) പ്രസ്തുത സമ്മർദ്ദംമൂലം വിവരങ്ങൾ രേഖപ്പെടുത്തുന്നതിലും കാർഡുകളുടെ സ്വഭാവ നിർണ്ണയത്തിലും തെറ്റുകൾ കടന്നുകൂടാം എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വിവരശേഖരണം സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റമാണെന്നുള്ള പരാതികൾ ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) ഉണ്ട്. സി-ഡിറ്റ്, കുടുംബശ്രീ, അക്ഷയ എന്നീ ഏജൻസികളാണ് ഡാറ്റാ എൻട്രി നടത്തുന്നത്. ഡാറ്റാ എൻട്രി നടത്തിയ ഫോറങ്ങളുടെ വെരിഫിക്കേഷനും പൂർത്തിയായി വരികയാണ്. 1-5-2015-ന് ഡാറ്റാ എൻട്രി ആരംഭിച്ചപ്പോൾ മുതൽ റേഷനിംഗ് ഇൻസ്പെക്ടർമാർ ഫോറങ്ങളുടെ സൂക്ഷ്മ പരിശോധന നടത്തിവരുന്നു. എന്നാൽതന്നെ വെരിഫിക്കേഷന് അനുവദിച്ച സമയം 30-7-2015 വരെ നീട്ടി നൽകിയിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾക്ക് ജീവനക്കാരിൽ അമിത സമ്മർദ്ദം ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഡാറ്റാ എൻട്രി നടത്തിയ ഫോറങ്ങൾ റേഷനിംഗ് ഇൻസ്പെക്ടർമാർ വളരെ സൂക്ഷ്മമായാണ് പരിശോധിക്കുന്നത്. ഇതിനാവശ്യമായ സമയവും കൊടുത്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.